# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1846

07.03.2017-ൽ മറുപടിക്ക്

## കമ്പനികളിലെയും കോർപ്പറേഷനുകളിലെയും ഒഴിവുകൾ

| | ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി. തുടങ്ങിയ വിവിധ കമ്പനികളുടെയും കോർപ്പറേഷനുകളുടെയും ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ, അസിസ്റ്റന്റ് ഗ്രേഡ്2 തുടങ്ങിയ തസ്തികകളിലേക്ക് പി. എസ്. സി. തയ്യാറാക്കിയ പട്ടിക എന്നാണ് നിലവിൽ വന്നത്; | (എ) | കെ.എസ്.എഫ്.ഇ./കെ.എസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് ഗ്രേഡ് II/ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടിക 22/09/2014-ൽ നിലവിൽ വന്നു. |
| (ബി) | ഈ ലിസ്റ്റിൽ നിന്നും ഇതുവരെ പൊതുവിഭാഗത്തിൽ എത്ര പേർക്ക് നിയമനം നൽകി; | (ബി) | പൊതുവിഭാഗത്തിൽപ്പെട്ട 883 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | ഒഴിവുകൾ കമ്പനികളും കോർപ്പറേഷനുകളും പി.എസ്.സി. യെ അറിയിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) & (ഡി) | കമ്പനികളും കോർപ്പറേഷനുകളും ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നില്ലായെന്ന് ഉദ്യോഗാർത്ഥികളിൽ നിന്ന് പരാതികൾ ലഭിക്കുന്നുണ്ട്. ഇത്തരം പരാതികളിൽ മുൻഗണനാക്രമം അനുസരിച്ച് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് |
| (ഡി) | ഒഴിവുള്ള തസ്തികകൾ കണ്ടെത്താൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷന | | |

| | | | |
|---|---|---|---|
| | കളിലും പരിശോധന നടത്തുവാൻ നിർദ്ദേശം നൽകുമോ ? | | വിഭാഗം നേരിട്ട് വിശദാംശങ്ങൾ ശേഖരിക്കുകയും ഒഴിവുകൾ നിലവിലുണ്ടെന്ന് ബോധ്യപ്പെട്ടാൽ ആയത് അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ